SET-4

Series BVM

Code No. **12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുമുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **4** ചോദ്യങ്ങൾ ഉണ്ടോയെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിനു മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **8** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 100*

*Time allowed : 3 hours* — *Maximum Marks : 100*

1. (a) ഉപമാലങ്കാരം ലക്ഷണവും ലക്ഷ്യവുമെഴുതി രശനോപമ, സാവയവോപമ ഇവ എന്തെന്ന് ഉദാഹരണസഹിതം വിശദമാക്കുക. *8*

**അല്ലെങ്കിൽ**

ഉൽപ്രേക്ഷ ഉപമയിൽനിന്ന് ഏതെല്ലാം തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു ? ഇവ തമ്മിലുള്ള പൊതുസ്വഭാവങ്ങൾ കണ്ടെത്തി എഴുതുക.

(b) ഉപമ, ഉൽപ്രേക്ഷ ഇവ ഉദാഹരണമെഴുതി താരതമ്യം ചെയ്യുക. *7*

**അല്ലെങ്കിൽ**

ഉൽപ്രേക്ഷ ലക്ഷ്യലക്ഷണസമന്വയം ചെയ്ത് ധർമ്മോൽപ്രേക്ഷ, ഹേതൂൽപ്രേക്ഷ ഇവ ഉദാഹരണമെഴുതി സമന്വയിപ്പിക്കുക.

2. (a) 'പ്രകൃതിദുരന്തങ്ങൾ ജനങ്ങൾക്കു നൽക്കുന്ന പാഠങ്ങളും മുൻകരുതലുകളും' – ഈ വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക. *7*

**അല്ലെങ്കിൽ**

'സൈബർ ഗുണ്ടായിസവും തട്ടിപ്പും തടയേണ്ടതിന്റെ അനിവാര്യത' എന്ന വിഷയത്തെ ആസ്പദമാക്കി നടന്നചർച്ചയെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

(b) മാറുന്ന കാലത്തെ മാലിന്യസംസ്കരണം എപ്രകാരം സാധ്യമാക്കാം എന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രമുഖപത്രത്തിലേക്ക് ഒരു കത്ത് തയ്യാറാക്കുക. *8*

**അല്ലെങ്കിൽ**

യഥാർത്ഥ മതേതരത്വം നടപ്പിലാകണമെങ്കിൽ പാലിക്കേണ്ടതെന്തെല്ലാമെന്ന് നിർദ്ദേശിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.

**3.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

പതിനാറ് പതിനേഴ് നൂറ്റാണ്ടുകളെ ശാസ്ത്രീയ വിപ്ലവത്തിന്റെ കാലഘട്ടം എന്നാണ് ചരിത്രക്കാരന്മാർ വിശേഷിപ്പിക്കുന്നത്. കോപ്പർനിക്കസ്, ഗലീലിയോ, ന്യൂട്ടൻ എന്നീ മഹാപ്രതിഭകളുടെ കണ്ടുപിടുത്തങ്ങളായിരുന്നു ശാസ്ത്രവിപ്ലവത്തിന് കളമൊരുക്കിയത്. ഭൂമി സൂര്യനെ പ്രദക്ഷിണം ചെയിതുകൊണ്ടിരിക്കുന്ന ഒരു ഗോളമാണെന്നു കോപ്പർനിക്കസ് സിദ്ധാന്തിച്ചു. ഗലീലിയോ തന്റെ ദൂരദർശിനിയുപയോഗിച്ചുള്ള നിരീക്ഷണങ്ങളിലൂടെ അതിനു തെളിവുകൾ കണ്ടെത്തി, അതു തുറന്നു പറയുകയും ചെയ്തു. വലിയ കോളിളക്കം സൃഷ്ടിച്ച സംഭവമായിരുന്നു അത്. മതമേധാവികൾ ഗലീലിയോവിനെ കുറ്റവിചാരണചെയ്ത്

തടവിൽ പാർപ്പിച്ചു. എന്തിന്റെ പേരിൽ ? താൻ കണ്ടെത്തിയ സത്യം തുറന്നുപറഞ്ഞതിന് അങ്ങനെ മതത്തിന്റെ കടുത്ത എതിർപ്പിനെ നേരിട്ടുകൊണ്ടായിരുന്നു ആധുനികശാസ്ത്രത്തിന്റെ തുടക്കം. ശാസ്ത്രം പ്രപഞ്ചത്തെയും പ്രപഞ്ചത്തിലെ ഓരോ ഘടക ത്തെയും ഒരു യന്ത്രത്തിന്റെ മാതൃകയിലായിരുന്നു വിഭാവനം ചെയ്തിരുന്നത്. അന്ന് ശാസ്ത്രത്തിന്റെ നേട്ടങ്ങളായി ഒരുപാടു യന്ത്രങ്ങൾ മനുഷ്യന് ലഭിച്ചു. അതിന്റെ ഫലമായി വ്യാവസിയവിപ്ലവം മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കി. പ്രകൃതിവിഭവങ്ങൾ വ്യാപകമായി ചൂഷണം ചെയ്യാൻ ഇതു കാരണമായി. ദശലക്ഷക്കണക്കിനു വർഷങ്ങളിലൂടെ ഭൂമിക്കടിയിൽ സഞ്ചയിക്കപ്പെട്ട ലോഹങ്ങൾ, കൽക്കരി, എണ്ണ തുടങ്ങിയ വിഭവങ്ങൾ കൈയ്യും കണക്കുമില്ലാതെ മനുഷ്യർ എടുത്തുപയോഗിക്കാൻ തുടങ്ങി മരങ്ങൾ വെട്ടിവീഴ്ത്തി വനങ്ങളുടെ വിസ്തൃതി കുറച്ചു. നദികളിൽ അണക്കെട്ടുകൾ കെട്ടി ജലപ്രവാഹം പലവഴികളിലൂടെയാക്കി. വ്യവസായാവശ്യങ്ങൾക്കു നദിജലം വ്യാപകമായി എടുത്തുപയോഗിച്ചു. ഉപയോഗശേഷം, മലിനീകരിക്കപ്പെട്ട ജലം, നദികളിലേക്കുതന്നെ ഒഴുക്കി നദീജലംമലിനമാക്കി. മോട്ടോർവാഹനങ്ങളും വ്യവസായങ്ങളും അന്തരീക്ഷവായു ദുഷിപ്പിച്ചു. അണുനിലയങ്ങളുടെ മാരകമായ ഭീഷണിയും രംഗത്തുവന്നു. പുരോഗതിയുടെ ഈ മറുവശം മനുഷ്യരുടെ ശ്രദ്ധയിൽ പതിഞ്ഞത് അടുത്ത കാലത്താണ്.

**ചോദ്യങ്ങൾ :**

(i) നദികളെ എപ്രകാരമെല്ലാമാണ് നാം ചൂഷണത്തിനു വിധേയമാക്കിയത് ? *2*

(ii) ആധുനികശാസ്ത്രത്തിന്റെ തുടക്കം മതത്തിന്റെ കടുത്ത എതിർപ്പിനെ നേരിട്ടുകൊണ്ടായിരുന്നു എന്ന് പറയുന്നത് എന്തുകൊണ്ട് ? *2*

(iii) പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളെ വിശേഷിപ്പിക്കുന്നതെപ്രകാരം ? അതിനു കാരണമെന്ത് ? *2*

(iv) മനുഷ്യൻ പ്രകൃതിവിഭവങ്ങൾ വ്യാപകമായി ചൂഷണംചെയ്യാനുള്ള കാരണങ്ങൾ എന്തായിരുന്നു ? *2*

(v) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. *2*

**4.** (a) താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **ആറെണ്ണത്തിന്** ഉത്തരമെഴുതുക : *5×6=30*

(i) 'അസംഭവ്യത സംഭവ്യമെന്നതുപോലെ മാന്ത്രികതയോടെ ആവിഷ്കരിക്കുമ്പോൾ യാഥാർത്ഥ്യമാണെന്ന് വായനക്കാരൻ ധരിക്കാം' – 'പ്രകാശം ജലം പോലെയാണ്' എന്ന പാഠത്തെ ആസ്പദമാക്കി ഈ അഭിപ്രായത്തിന്റെ സാധുതപരിശോധിച്ച് സ്വന്തം അഭിപ്രായം എഴുതുക.

(ii) ‘ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ പലപ്പോഴും ഉപഭോക്താവ് ധർമ്മസങ്കടത്തിൽ അകപ്പെടാറുണ്ട്.’ നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

(iii) ‘അഗ്നിവർണന്റെ കാലുകൾ’ എന്ന പാഠത്തിൽ അവതരിപ്പിക്കുന്ന ധ്വനിപാഠം എന്തെന്ന് വിശദമാക്കുക.

(iv) ‘മനുഷ്യൻ നിർമ്മിച്ച അതിർവരമ്പുകളെ കല മായ്ച്ചുകളയുന്നു’ – കലാമണ്ഡലം ഹൈദരലിയുടെ ജീവിതം ആസ്പദമാക്കി സമർത്ഥിക്കുക.

(v) അനീതിക്കെതിരായ പോരാട്ടത്തിന്റെ ഊർജ്ജം പകരുന്നവയാണ് പുലിക്കോട്ടിൽ ഹൈദറിന്റെ മാപ്പിളപ്പാട്ടുകൾ എന്നു പറയാനുള്ള കാരണങ്ങൾ എന്തെല്ലാം ?

(vi) ‘ഗൗളിജന്മ’ത്തിൽ പ്രതിഫലിക്കുന്ന സമൂഹത്തിന്റെ വിവിധചിത്രങ്ങളെക്കുറിച്ച് വിവരിക്കുക.

(vii) പരമ്പരാഗതമാധ്യമങ്ങൾക്ക് പകരമായി സോഷ്യൽനെറ്റ് വർക്കിംഗ് സൈറ്റുകളെ കാണാനാകുമോ ? കാരണം വിശദമാക്കുക.

(viii) “പ്രാചീനഭാരതീയസംസ്കാരങ്ങളുടെയും സാഹിത്യങ്ങളുടെയും പണിപ്പുര” എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെ ? എന്തുകൊണ്ട് ?

(b) താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *5×4=20*

(i) എഴുത്തച്ഛൻ കൃതികളിലെ ലോകോക്തികൾ നല്ല അറിവ് ആർജിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ജീവിതം മുന്നോട്ടുകൊണ്ടുപോകേണ്ടതിനെ ക്കുറിച്ചുമാണ് പറയുന്നത്. – പാഠഭാഗത്തുനിന്നും ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.

(ii) കാലങ്ങളായി അടിച്ചമർത്തപ്പെട്ടവരുടെ രോഷം 'കിരാതവൃത്ത' ത്തിലെ കാട്ടാളാവതരണത്തിലൂടെ കവി എപ്രകാരം സാധ്യമാക്കിയിരിക്കുന്നവെന്ന് വിശദമാക്കുക.

(iii) ക്ലേശങ്ങൾക്കൊടുവിൽ പ്രത്യാശയുടെ, ആഹ്ലാദത്തിന്റെ പുലരി ഏതൊരാളെയും കാത്തിരിക്കുന്നുവെന്ന് 'കേശിനീമൊഴി' നമ്മെ ഒർമ്മപ്പെടുത്തുന്നു – ഈ പ്രസ്താവന പാഠത്തെ ആസ്പദമാക്കി പരിശോധിക്കുക.

(iv) 'മോഷണം' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(v) 'കിരാതവൃത്തം' എന്ന കവിതയിൽ രോഷം, പക, ശുഭാപ്തിവിശ്വാസം ഇവ കാട്ടാളനിലൂടെ എപ്രകാരം ആവിഷ്കൃതമാക്കുന്നുവെന്ന് വിവരിക്കുക.

(vi) "നൈഷധനിവൻതാൻ ഒരീഷലില്ലാമേ നിർണ്ണയം." – ഈ നിഗമനത്തിൽ ദമയന്തി എത്തിച്ചേരാനുണ്ടായ കാരണങ്ങൾ ആട്ടക്കഥാഭാഗത്തെ അപഗ്രഥിച്ച് ക്രോഡീകരിക്കുക.

(c) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക : *10×1=10*

(i) എം.ടി. യുടെ അമ്മയെക്കുറിച്ചുള്ള ദീപ്തസ്മരണകൾ 'അമ്മയ്ക്ക്' എന്ന കൃതിയെ അടിസ്ഥാനമാക്കി വിവരിക്കുക.

(ii) ഗ്രാമീണജീവിതത്തിൽ കുളങ്ങൾക്ക് ഏറെ പ്രാധാന്യം ഉണ്ടായിരുന്നുവെന്ന് 'കുമാരനല്ലൂരിലെ കുളങ്ങൾ' എന്ന ലേഖനത്തിലൂടെ എം.ടി. വിവരിക്കുന്നതെപ്രകാരമെന്ന് വിശദമാക്കുക.